KANNUR International Airport

# KANNUR INTERNATIONAL AIRPORT LIMITED

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ക്യാമ്പസിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും പന്ത്രണ്ടു മാസകാലയളവിൽ ജനുവരി 2021 മുതൽ ഡിസംബർ 31/12/2021 വരെയുള്ള കാലയളവിൽ ആദായം എടുക്കുന്നതിനുള്ള ടെൻഡർ/കോട്ടേഷൻ

ടെൻഡർ നമ്പർ : KIAL/ED/172/2020-21

November 2020

KIAL/ED/140/2020-21 18 November 2020

**കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്**

**ദർഘാസ് പരസ്യം**

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ക്യാമ്പസിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും പന്ത്രണ്ടു മാസകാലയളവിൽ ജനുവരി 2021 മുതൽ ഡിസംബർ 31/12/2021 വരെയുള്ള കാലയളവിൽ ആദായം എടുക്കുന്നതിനുള്ള അവകാശം നേടുന്നതിനുവേണ്ടി, മത്സര സ്വഭാവമുള്ള ദർഘാസ് ക്ഷണിക്കുന്നു.

ആദായം എടുക്കാൻ പറ്റുന്ന മരങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | വിവിധയിനം മരങ്ങൾ | ഏകദേശ മരങ്ങളുടെ എണ്ണം | അടിസ്ഥാന ആദായ വില(Rs.) |
|---|---|---|---|
| 1. | റബ്ബർ | 1262 | |
| 2. | തെങ്ങ് | 2746 | |
| 3. | പ്ലാവ് | 261 | |
| 4. | കശുമാവ് | 829 | |
| 5. | മാവ് | 400 | 2,71,520/- |
| 6. | പുളിമരം | 26 | |
| 7. | പന | 352 | |
| 8. | കവുങ്ങ് | 366 | |
| 9. | പഞ്ഞി മരം | 65 | |

നിരതദ്രവ്യമായ **25000 /-** രൂപയുടെ ഡ്രാഫ്റ്റ് (കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, മട്ടന്നൂർ കണ്ണൂർ) അടക്കേണ്ടതാണ്. ആവശ്യമായ നിരതദ്രവ്യം അടയ്ക്കാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ നിലവിലെ നിയമങ്ങൾക്കു വിധേയമായി ദർഘാസ് നിബന്ധനകൾ അനുസരിച്ചു മരങ്ങൾക്കു കേടുപാട് കൂടാതെ ആദായം എടുക്കേണ്ടതാണ്. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ക്യാമ്പസിലെ ആദായം എടുക്കാനുള്ള അവകാശം നേടുന്നതിന് വേണ്ടി എന്ന് രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ മാനേജിങ് ഡയറക്ടർ, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾ കണ്ണൂർ എയർപോർട്ടിന്റെ www.kannurairport.aero എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രത്യേക മുന്നറിയിപ്പ് /

KANNUR International Airport

കാരണങ്ങൾ കൂടാതെ തന്നെ ദർഘാസ് റദ്ദ് ചെയ്യുന്നതിനും പരിഷ്കരിക്കുന്നതിനും കാരണം കൂടാതെ തന്നെ മാറ്റം വരുത്തുന്നതിന് ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

- ദർഘാസ് വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി - 21/11/2020 മുതൽ 02 /12/2020 വരെ
- ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി - 10/12/2020
- ദർഘാസ് തുറക്കുന്ന തീയ്യതി – 10/12/2020 ഉച്ചയ്ക്ക് 3 മണിയ്ക്ക്

  ദർഘാസ് ഫോറം വില - 500 രൂപ + 12 % GST

ഒപ്പ്

മാനേജിങ് ഡയറക്ടർ
കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്
മട്ടന്നൂർ , കണ്ണൂർ

<u>ദർഘാസ് വ്യവസ്ഥകൾ</u>

1) കണ്ണൂർ എയർപോർട്ട് ക്യാമ്പസ്സിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും പന്ത്രണ്ടു മാസകാലയളവിൽ ജനുവരി 2021 മുതൽ ഡിസംബർ 31/12/2021 വരെയുള്ള കാലയളവിൽ കാലയളവിൽ ആദായം എടുക്കുന്നതിനായി ഇനി പറയുന്ന നിബന്ധനകളും വ്യവസ്ഥകളും ബാധകമായിരിക്കും.

2) ദർഘാസിൽ ലഭിച്ച ഏറ്റവും കൂടിയ തുകയ്ക്കായിരിക്കും ദർഘാസ് അവാർഡ് ചെയ്യുക

3) ആദായം എടുക്കാൻ പറ്റുന്ന മരങ്ങളുടെ ഏകദേശം വിവരങ്ങൾ താഴെ കാണിക്കുന്നു;

(ഓഫറുകൾ സമർപ്പിക്കുന്നതിന് മുൻപായി കരാറിൽ പങ്കെടുക്കുന്നവർ സ്വന്തം താല്പര്യപ്രകാരം മരങ്ങളുടെ എണ്ണം, ഗുണമേന്മ എന്നിവ പരിശോധിക്കണം. അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന സംഖ്യയേക്കാൾ മരങ്ങളുടെ എണ്ണം കുറഞ്ഞാൽ ബിഡ് തുകയിൽ മാറ്റം ഉണ്ടാകുന്നതല്ല.

| | | |
|---|---|---|
| 1. | റബ്ബർ | 1262 |
| 2. | തെങ്ങ് | 2746 |
| 3. | പ്ലാവ് | 261 |
| 4. | കശുമാവ് | 829 |
| 5. | മാവ് | 400 |
| 6. | പുളിമരം | 26 |
| 7. | പന | 352 |
| 8. | കവുങ്ങ് | 366 |
| 9. | പഞ്ഞി മരം | 65 |

**കുറിപ്പ് : മേൽ കാണിച്ചിരിക്കുന്ന മരങ്ങൾ കണ്ണൂർ എയർപോർട്ടിന്റെ കൈവശമുള്ള ഏകദേശം 900 ഏക്കറിൽ ഉൾപ്പെടുന്നതും പലസ്ഥലങ്ങളിലായി നിലകൊള്ളുന്നതുമാണ്. എണ്ണം ഏകദേശം മാത്രമാണ്.**

4) ദർഘാസിനുമുമ്പായി ദർഘാസിൽ പങ്കെടുക്കുന്നവരും ദർഘാസുകൾ സമർപ്പിക്കുന്നവരും നിരതദ്രവ്യമായി 25,000 /- രൂപ ഡി.ഡി യായി (തിരികെ ലഭിക്കും) ദർഘാസിനൊപ്പം അടക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചവർക്കുമാത്രമേ ദർഘാസിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു. ഒരുകാരണവശാലും നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

5) ദര്ഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി സ്ഥലം സന്ദർശിച്ചു ആദായം എടുക്കാൻ പറ്റുന്ന മരങ്ങളുടെ എണ്ണം, ഇനം, ബ്ലോക്കുകളുടെ വിസ്തൃതി, അതിരുകൾ മുതലായവയുടെ വിവരങ്ങൾ മനസിലാക്കിയിരിക്കേണ്ടതാണ് ഇത് സംബന്ധിച് എന്തെങ്കിലും തർക്കമുണ്ടായാൽ കണ്ണൂർ എയർപോർട്ടിന്റെ തീരുമാനം അന്തിമമായിരിക്കും അത് ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്.

6) ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ അന്നുതന്നെ ദർഘാസ് തുകയുടെ 50 % അപ്പോൾ തന്നെ തുകയായോ ഡി.ഡി യായോ അടക്കേണ്ടതാണ് ബാക്കി മുഴുവൻ തുകയും ബാധകമായ നികുതിയും ഏഴു ദിവസത്തിനകം അടച്ചശേഷം നിശ്ചിത കരാറിൽ ഒപ്പു വെച്ച് ആദായം എടുത്തു തുടങ്ങാവുന്നതാണ്. ദർഘാസിലുള്ള തുകയിൽ ഉയർന്ന തുകയാണ് കരാർ തുകയായ കണക്കാക്കുക. കൂടാതെ ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന തുകയുടെ 10 % സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടക്കേണ്ടതാണ്. കരാർ കാലാവധി കഴിഞ്ഞാൽ മാത്രമേ സെക്യൂരിറ്റി ഡെപ്പോസിറ്റ് റിലീസ് ചെയ്യുകയുള്ളൂ. ദർഖാസിൽ കാണിച്ചിരിക്കുന്ന തുകയിൽ കുറവാണ് ക്വാട്ട് ചെയ്യതെങ്കിൽ ദർഘാസ് അവാർഡ് ചെയ്യണമെന്നില്ല.

7) ഓഫർ സ്വീകരിക്കുന്ന കത്ത് നല്കിയതിനുശേഷം 7 ദിവസത്തിനുള്ളിൽ ഓഫറിന്റെ മുഴുവൻ വാർഷിക തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ നിരതദ്രവ്യമായ 25,000/- രൂപ നഷ്ടപ്പെടും.

8) കണ്ണൂർ എയർപോർട്ടിന് യുക്തമാണെന്നു തോന്നുന്ന പക്ഷം ഏതെങ്കിലും സ്ഥലത്തുനിന്നും ആദായം എടുക്കുവാനുള്ള അവകാശം യാതൊരു കാരണവും കാണിക്കാതെ തന്നെ 15 ദിവസത്തെ നോട്ടീസ് നൽകിതിരിച്ചെടുക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ചെയ്യുന്ന പക്ഷം ദർഘാസ് തുകയിൽ കുറവ് വരുന്നതായിരിക്കും

9) ആദായം എടുക്കുന്നതിനുള്ള മുഴുവൻ അവകാശം കണ്ണൂർ എയർപോർട് ഏറ്റെടുക്കുന്ന പക്ഷം ബാക്കി കാലാവധി, മരങ്ങളുടെ എണ്ണം എന്നിവ കണക്കാക്കി ആനുപാതികമായ കരാർ തുക മടക്കി നൽകുന്നതായിരിക്കും.

10) തീപിടുത്തം, വരൾച്ച,പ്രകൃതിക്ഷോഭം മുതലായവ മൂലം ഉണ്ടാകുന്ന മരങ്ങളുടെ നഷ്ടം, കരാറുകാരുടെ തൊഴിലാളികളുടെ സമരം, പണിമുടക്ക് മുതലായവ മൂലം ഉണ്ടാകുന്നതു മറ്റേതെങ്കിലും വിധത്തിൽ ഉണ്ടാകുന്നതുമായ നാശനഷ്ടങ്ങൾക്കോ കണ്ണൂർ എയർപോർട്ട് ഉത്തരവാദികളായിരിക്കുന്നതോ നഷ്ട പരിഹാരങ്ങൾ നല്കുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്കു ലഭിക്കേണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ നഷ്ടപരിഹാരമോ നൽകുന്നതിനു കണ്ണൂർ എയർപോർട്ടിന് ബാധ്യത

ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്.

11) കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ കണ്ണൂർ എയർപോർട്ടിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസവും ഉണ്ടാകുവാൻ പാടുള്ളതല്ല. മാത്രവുമല്ല നിയമവിധേയവുമല്ലാത്ത പ്രവൃത്തികൾ കരാറുകാരനോ ടിയാന്റെ തൊഴിലാളികളോ പ്ലോട്ടുകളിൽ ചെയ്യാൻ പാടുള്ളതല്ല.

12) ദർഘാസ് തുകയ്ക്ക് പുറമെ വില്പന നികുതിയോ മറ്റു നികുതിയോ ബാധകമെങ്കിൽ ആയത് കരാറുകാരൻ തന്നെ അടക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ലൈസൻസ് ആവശ്യമായാൽ ആയതു കരാറുകാരൻ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.

13) കരാറുകാരനിൽ നിന്നോ ഏജന്റിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ കണ്ണൂർ എയർപോർട്ട് വക മരങ്ങൾക്കോ മറ്റു വസ്തുവകകൾക്കോ ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കണ്ണൂർ എയർപോർട്ട് നിർദേശിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരന്റെ സെക്യൂരിറ്റി ഡെപോസിറ്റിൽ നിന്നും വീണ്ടെടുക്കുന്നതാണ്. ഇതിൽ കണ്ണൂർ എയർപോട്ടിന്റെ തീരുമാനം അന്തിമവുമായിരിക്കുന്നതാണ്.

14) പ്രസ്തുത സ്ഥലത്തുനിന്നും വിറക്, പുല്ല് മറ്റു സാധനസാമഗ്രികകൾ കരാറുകാരനോ അയാൾ ഏർപെടുത്തുന്നവരോ അയാളുടെ തൊഴിലാളികളോ കൊണ്ടുപോകാൻ പാടില്ല.

15) കാറ്റുമൂലമോ, പ്രകൃതിക്ഷോഭം മൂലമോ ഒടിഞ്ഞു പിഴുതു വീഴുന്ന മരങ്ങൾ എടുക്കുന്നതിനോ, വിൽക്കുന്നതിനോ കണ്ണൂർ എയർപോർട്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം മരങ്ങൾ നീക്കുന്നതുമൂലം കരാർ തുകയിൽ ഇളവ് ലഭിക്കുന്നതല്ല. എന്നിരുന്നാലും തീവ്രമായ പ്രകൃതി ദുരന്തം മൂലം 25 %നു മേൽ മരങ്ങൾക്കു നാശനഷ്ടം സംഭവിച്ചാൽ കരാർ തുകയിൽ ഇളവ് ചെയുന്നതാണ് .എന്നാൽ കണ്ണൂർ എയർപോർട്ടിന്റെ തീരുമാനം അന്തിമമായിരിക്കും

16) കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിര സ്വഭാവമുള്ള നിർമാണ പ്രവർത്തനങ്ങൾ യാതൊന്നും തന്നെ കണ്ണൂർ എയർപോർട്ടിന്റെ ക്യാമ്പസ്സിനുള്ളിൽ നടത്താൻ പാടുള്ളതല്ല.

17) കരാറുകാരന്റെ ജോലിസമയത്തുള്ള അപകടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന workmen compensation പൂർണമായും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കും.

18) കണ്ണൂർ എയർപോർട്ടും കരാറുകാരനും തമ്മിലുള്ള ആശയവിനിമയം എഴുത്തുകളിലൂടെയാവണം.

19) ദർഘാസുകൾ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ ആദായം എടുക്കേണ്ടതാണ്. എന്നിരുന്നാലും ആദായം എടുക്കുന്നതിനു മുൻപ് കണ്ണൂർ എയര്പ്പോർട്ടിനെ അറിയിക്കേണ്ടതാണ്.

20) കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ അയാളുടെ തൊഴിലാളികളോ പ്രവൃത്തിക്കുന്നതായി കണ്ണൂർ എയർപോർട്ടിനു ബോധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ കരാർ റദ്ദാക്കുന്നതിനുള്ള അധികാരം കണ്ണൂർ എയർപോർട്ടിനു ഉണ്ടായിരിക്കും. ഇതുമൂലം കണ്ണൂർ എയർപോർട്ടിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക് കരാറുകാരൻ ഉത്തരവാദിയായിരിക്കും. ആയതിനാൽ ടിയാളിൽ നിന്ന് ഈടാക്കുന്നതിന് കണ്ണൂർ എയർപോർട്ടിനു അർഹത ഉണ്ടായിരിക്കുന്നതുമാണ്. അങ്ങനെ കരാർ റദ്ദാക്കേണ്ടിവരുന്ന സാഹചര്യത്തിൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ശേഷിക്കുന്ന കാലത്തേക് കരാർ നൽകുന്നതിനുള്ള അവകാശം കണ്ണൂർ എയർപോർട്ടിനുണ്ടായിരിക്കുന്നതാണ്.

21) ദർഘാസിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ എല്ലാവ്യവസ്ഥകളും അംഗീകരിക്കുന്നതിനായി രേഖപ്പെടുത്തുന്നതിന് ഇതിനോടൊപ്പമുള്ള എല്ലാ പേജുകളിലും ഒപ്പിടേണ്ടതാണ്.

22) കരാർ ഉറപ്പിച്ച ആളിന്റേതൊഴികെ നിരതദ്രവ്യം ദർഘാസ് നടപടിക്രമം കഴിഞ്ഞതിനു ശേഷം പലിശകൂടാതെ തിരികെ നൽകുന്നതാണ്.

23) ദർഘാസിലോ ലേലത്തിലോ ഇത് സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ ഏതെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം കണ്ണൂർ എയർപോർട്ടിന്റെ മാനേജിങ് ഡയറക്റ്റർക് അതിൽ തീർപ്പു കല്പിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതും. പ്രസ്തുത തീർപ്പു അന്തിമമായിരിക്കുന്നതുമാണ്.

24) ദർഘാസുകൾ കണ്ണൂർ എയർപോർട്ടിന്റെ സൈറ്റ് ഓഫീസിൽ (Kannur International Airport, Project office , Kara – Peravoor, Mattannur – 670 702)) താഴെ പറയുന്ന സമയത്തു സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

- ദർഘാസ് വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി - 21/11/2020 മുതൽ 02 /12/2020 വരെ
- ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി - 10/12/2020
- ദർഘാസ് തുറക്കുന്ന തീയ്യതി – 10/12/2020 (ഉച്ചയ്ക്ക് 3 മണിക്ക്)

25) ദർഘാസ് സമർപ്പിച്ചതിനുശേഷം പിന്മാറുന്നവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതല്ല.

26) കരാർ നിയമപ്രകാരം കിയാലിനും കരാറുകാരനുമായി ഏതെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പരിധി കണ്ണൂർ കോടതിയിൽ നിക്ഷിപ്തമായിരിക്കും.

27) മേല്പറഞ്ഞ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന പക്ഷം ഈ ടെൻഡർ ഏതു സമയത്തും ക്യാൻസൽ ചെയ്യാനും EMD ദർഘാസ് തുക എന്നിവ forfeit ചെയ്യാനും റീ- ടെൻഡർ ചെയ്യാനും നിയമനടപടികൾ എടുക്കുന്നതിനും കണ്ണൂർ എയർപോർട്ടിനു അധികാരമുണ്ടായിരിക്കും.

28) മരങ്ങളുടെ എണ്ണം ക്രമീകരണം എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം കണ്ണൂർ എയർപോർട്ടിന്റെ മാനേജിങ് ഡയറക്ടർക്കോ അദ്ദേഹം നിർദ്ദേശിക്കുന്ന ബന്ധപ്പെട്ട

ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കുന്നതാണ്. കരാർ വയ്ക്കുന്നതിനായ് വരുമ്പോൾ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്.

29) വിളവുകൾ/ പഴങ്ങൾ കാത്തുസൂക്ഷിക്കുന്നതിനായി കണ്ണൂർ എയർപോർട്ടിന്റെ ക്യാമ്പസ്സിൽ കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിര സ്വഭാവമുള്ള നിർമ്മാണ പ്രവർത്തങ്ങൾ യാതൊന്നും തന്നെ നടത്താൻ പാടുള്ളതല്ല

30) എയർപോർട്ടിൽ നിന്നും കരാറുകാരൻ കൊണ്ടുപോകുന്ന സാധനങ്ങൾ പരിശോധിക്കാൻ മാനേജിങ് ഡയറക്ടർ ചുമതലപ്പെടുതിയിട്ടുള്ള ജീവനക്കാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

31) വിളവെടുക്കാൻ വരുന്ന ദിവസവും സമയവും എയർപോർട് ഓഫീസിൽ നിന്നും മുൻ കൂർ അനുമതി എടുക്കേണ്ടതാണ്.

32) ഉൽപ്പന്നങ്ങൾ പാട്ട സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് ആവശ്യമായ പാസ് കണ്ണൂർ എയർപോർട്ടിൽ നിന്നും നൽകുന്നതായിരിക്കും. പാട്ട സ്ഥലത്തിന് പുറമെയുള്ള സ്ഥലങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ ശേഖരിക്കുവാൻ കരാറുകാരനെ അനുവദിക്കുന്നതല്ല.കരാർ സ്ഥലത്തുനിന്നും സാധനങ്ങൾ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ മാത്രമേ നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളു.

33) വിളവുകൾ നീക്കം ചെയ്യുമ്പോൾ കണ്ണൂർ എയർപോർട്ടിന്റെ സ്ഥലത്തു സംഭവിച്ച കേടുപാടുകൾ കാരാറുകാരൻ നന്നാക്കണം.

34) കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി കരാർ മറിച്ചു കൊടുക്കുവാൻ പാടില്ല.

35) ഈ വ്യവസ്ഥകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.

36) കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി മരങ്ങൾ മുറിച്ചു മാറ്റുവാൻ പാടില്ല.

37) അടിസ്ഥാനവിലയിൽ കുറഞ്ഞു സമർപ്പിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല.

38) കരാർ ഒരു വർഷത്തേയ്ക്ക് കൂടി പുതുക്കി നല്കാവുന്നതാണ് ,പക്ഷെ കരാറുകാരന്റെ ഒരു വർഷത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മാത്രം.അങ്ങനെ നീട്ടി നൽകുന്ന പക്ഷം കാട്ട് ചെയ്ത തുകയുടെ പുറമെ 10 % വാർഷിക വർദ്ധനവ് തരേണ്ടതാണ് .

39) ദർഘാസിൽ കാണിച്ചിരിക്കുന്ന മരങ്ങളിൽ നിന്നും ഒരു വർഷത്തേയ്ക്കുള്ള ആദായം എടുക്കുവാൻ ഉദ്ദേശിക്കുന്ന തുക കാണിക്കേണ്ടത് ഇതിനോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന ഫിനാൻഷ്യൽ ബിഡിലാണ്

അനുബന്ധം I

<u>പ്രഖ്യാപനം</u>

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും കണ്ണൂർ എയർപോർട്ടിന്റെ നിബന്ധനകൾ പേജ് 1 മുതൽ പേജ് 8 വരെ പൂർണ്ണമായി വായിച്ചു മനസ്സിലാക്കി അതനുസരിച്ചു അവ പാലിച്ചു കൊള്ളാമെന്നും കരാർ ലഭിക്കുകയാണെങ്കിൽ 7 ദിവസത്തിനകം കരാറിൽ ഏർപ്പെട്ട് ജനുവരി 2021 മുതൽ ഡിസംബർ 31/12/2021 വരെ മേൽ പറഞ്ഞ മരങ്ങളിൽ നിന്നും മരങ്ങൾക്ക് കേടുപാടു കൂടാതെ ആദായം സ്വന്തം ഉത്തരവാദിത്വത്തിൽ എടുത്തുകൊള്ളാമെന്നു ഇതിനാൽ സമ്മതിച്ചിരിക്കുന്നു.മേൽപറഞ്ഞ മരങ്ങളുടെ എണ്ണവും മരങ്ങളും ഞാൻ നേരിൽ കണ്ട് ബോധ്യപ്പെട്ടതാകുന്നു

സ്ഥലം :
തീയതി: കയ്യൊപ്പ്

അനുബന്ധം - II

<u>ഫൈനാൻഷ്യൽ ബിഡ്</u>

കണ്ണൂർ എയർപോർട്ട് ക്യാമ്പസ്സിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും പന്ത്രണ്ടു മാസകാലയളവിൽ ജനുവരി 2021 മുതൽ ഡിസംബർ 31/12/2021 കാലയളവിൽ ആദായം എടുക്കുന്നതിനായുള്ള ദർഘാസ്.

ടെൻഡററുടെ പേര് :

വിലാസവും ഫോൺ നമ്പറും:

തിരിച്ചറിയൽ കാർഡ് / പാൻ കാർഡ് നമ്പർ:

| **മരങ്ങളുടെ ഇനവും എണ്ണവും** | **ആദായം എടുത്തു കണ്ണൂർ എയർപോർട്ടിന് നൽകുന്ന തുക (അക്കത്തിലും അക്ഷരത്തിലും )** |
|---|---|
| റബ്ബർ -1262 | |
| തെങ്ങ് -2746 | |
| പ്ലാവ് -261 | |
| കശുമാവ്-829 | |
| മാവ്-400 | |
| പുളിമരം-26 | |
| പന -352 | |
| കവുങ്ങ് -366 | |
| പഞ്ഞി മരം-65 | |
| ആകെ തുക (അക്കത്തിലും അക്ഷരത്തിലും :- | |

കുറിപ്പ് :

1. തുക മൊത്തമായോ മരങ്ങളുടെ ഇനം തിരിച്ചോ ബിഡ് ചെയ്യാവുന്നതാണ്

2. ബിഡ് ചെയ്ത തുകയ്ക്കു പുറമെ അതിനു ബാധകമായ GST കൂടി ഏജൻസി അടയ്ക്കേണ്ടതാണ്
3. മൊത്തം തുകയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും കരാർ ഉറപ്പിക്കുക.

സ്ഥലം :
തീയതി: കയ്യൊപ്പ്